**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ - 2014-15 പദ്ധതി സ്പിൽ ഓവർ പ്രവൃത്തികൾ തുടർന്ന് നിർവ്വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 594/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 03.03.2017.

---

പരാമർശം :- 1. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത നിവേദനം.

2. സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017 ലെ യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

2014-15 വർഷത്തെ പദ്ധതി പ്രവൃത്തികൾ 2015-2016 മാർച്ച് 31 ന് പൂർത്തീകരിക്കാൻ കഴിയാതെ വന്നിരിക്കുകയാണെന്നും, 4.17 കോടി രൂപയുടെ പ്രവൃത്തികൾ പലതും പൂർത്തീകരിച്ചതും തുടരുന്നതും ബിൽ തയ്യാറായ നിലയിലുമാണ് ഇപ്പോഴുള്ളതെന്നും, എന്നാൽ 2014-2015 വാർഷിക പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത തുക തനത് ഫണ്ടിൽ നിന്ന് ചിലവഴിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണെന്നും, ഇപ്പോൾ തന്നെ സാമ്പത്തിക പ്രയാസമനുഭവിക്കുന്ന കോർപ്പറേഷന് ടി പദ്ധതി തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് കൂടുതൽ പ്രയാസകരമാവുമെന്നതിനാൽ 2014-2015 കാലയളവിലെ സ്പിൽ ഓവർ പ്രവൃത്തികൾ തുടരുന്നതിനുള്ള അനുവാദം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സൂചന ഒന്നിലെ നിവേദനത്തിലൂടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ ആവശ്യപ്പെട്ടിരുന്നു.

സൂചന രണ്ടിലെ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയോഗം പ്രസ്തുത വിഷയം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2014-2015 കാലയളവിലെ സ്പിൽ ഓവർ പ്രവൃത്തികൾ പ്രോജക്റ്റിൽ പറഞ്ഞിരിക്കുന്ന വിഹിതം ഉപയോഗിച്ച് പൂർത്തിയാക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ